I.ഇ.ബി. XIIകേരള നിയമസഭ/XII-7

**പന്ത്രണ്ടാം  കേരള നിയമസഭ**

പന്ത്രണ്ടാം സമ്മേളനം

**നിയമസഭാ നടപടികൾ-സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

2009 സെപ്റ്റംബർ 17, വ്യാഴം

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ.രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

**ചരമോപചാരം**

വൈ.എസ്. രാജശേഖര റെഡ്ഡി, കെ.പി. പ്രഭാകരൻ, പി.കെ. ഗോപാല കൃഷ്ണൻ, മേഴ്സി രവി, സയ്യിദ് മുഹമ്മദാലി ശിഹാബ് തങ്ങൾ, മുരളി, രാജൻ.പി. ദേവ് എന്നിവരുടെ നിര്യാണം.

ആന്ധ്രാപ്രദേശ് മുഖ്യമന്ത്രിയായിരുന്ന വൈ.എസ്. രാജശേഖര റെഡ്ഡി, മുൻ കേരള നിയമസഭാംഗങ്ങളായ കെ.പി. പ്രഭാകരൻ, പി.കെ.ഗോപാലകൃഷ്ണൻ, മേഴ്സി രവി, മുസ്ലീം ലീഗ് നേതാവും പ്രസിഡന്റുമായിരുന്ന പാണക്കാട് സയ്യിദ് മുഹമ്മദാലി ശിഹാബ് തങ്ങൾ, നാടക-സിനിമാ നടനായിരുന്ന ഭരത് മുരളി, സിനിമാ നടനും സംവിധായകനുമായിരുന്ന രാജൻ പി. ദേവ് എന്നിവരുടെ നിര്യാണം സംബന്ധിച്ച് ബഹുമാനപ്പെട്ട സ്പീക്കർ റഫറൻസ് നടത്തുകയും പരേതരോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അല്പസമയം എഴുന്നേറ്റുനിന്ന് മൗനം ആചരിക്കുകയും ചെയ്തു.

**അടിയന്തിരപ്രമേയം**

<u>ഗുണ്ടാ-മാഫിയ കവർച്ച സംഘങ്ങളുടെ പ്രവർത്തനം</u>

<u>മി. സ്പീക്കർ:</u> കവർച്ച സംഘങ്ങൾ 15-9-2009-ൽ കായംകുളത്ത് ചോരക്കുഞ്ഞിന്റെ കഴുത്തിൽ കത്തിവച്ച് നടത്തിയ കൊള്ള, കോഴിക്കോട് ജുവലറി കൊള്ളയടിക്കാൻ നടത്തിയ ശ്രമം തുടങ്ങിയ സംഭവങ്ങളുൾപ്പെടെ ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതിൽ ഗവൺമെന്റ് പരാജയപ്പെട്ടിരിക്കുന്നതായി പറയപ്പെടുന്നതായ സ്ഥിതിവിശേഷത്തെപറ്റി സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ. വി.ഡി. സതീശൻ, കെ.കുട്ടി അഹമ്മദ് കുട്ടി, ജോസഫ് എം. പുതുശ്ശേരി, പി.സി. ജോർജ്, കെ.ബി. ഗണേഷ് കുമാർ, കെ.കെ.ഷാജു എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി <u>(ശ്രീ. കോടിയേരി ബാലകൃഷ്ണൻ):</u> കായംകുളം പോലീസ് സ്റ്റേഷൻ പരിധിയിലെ കാരായ്മമുറിയിലുള്ള ജോയിയുടെ വീട്ടിൽ 15-09-2009-ന് വെളുപ്പിന് മൂന്നു മണിയോടെ മൂന്നുപേർ അടുക്കളവാതിൽ കുത്തിത്തുറന്ന് പ്രവേശിച്ച് കിടപ്പുമുറിയിലെ അലമാരയിൽ സൂക്ഷിച്ചിരുന്ന ഉദ്ദേശം 24,000 രൂപ വിലവരുന്ന സ്വർണ്ണാഭരണങ്ങൾ മോഷ്ടിച്ചതായി ജോയിയുടെ ഭാര്യയുടെ മൊഴിയുടെ അടിസ്ഥാനത്തിൽ കായംകുളം പോലീസ് സ്റ്റേഷനിൽ ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. പരാതിയിൽ കുഞ്ഞിന്റെ നേരെ കത്തികാണിച്ച് ആഭരണങ്ങൾ ബലമായി ഊരിവാങ്ങിയതായി പറയുന്നില്ല. കേസിന്റെ പ്രത്യേകത കണക്കിലെടുത്ത് അന്വേഷണ ചുമതല സി..ഐ-യെ ഏൽപ്പിച്ചിട്ടുണ്ട്. ആലപ്പുഴ എസ്.പി.-ക്ക് കേസിന്റെ മേൽനോട്ടം വഹിക്കാനായി പ്രത്യേകം നിർദ്ദേശവും കൊടുത്തിട്ടുണ്ട്. കോഴിക്കോട് കസബ പോലീസ് സ്റ്റേഷൻ പരിധിയിലുള്ള

രാംമോഹൻ റോഡിലെ ഡ്രെയിനേജിന്റെ പണി 15-09-2009-ൽ രാത്രി നടക്കവേ റോഡിന്റെ പടിഞ്ഞാറ് ഭാഗത്തു സ്ഥിതിചെയ്യുന്ന ആലുക്കാസ് ജുവലറിയുടെ ഭാഗത്തേയ്ക്ക് ഡ്രെയിനേജ് ലൈനിന്റെ ഉൾവശത്തുനിന്നും ജുവലറിയിലേക്ക് കയറാനെന്ന ലക്ഷ്യത്തോടെ തുരന്നിട്ടുള്ളതായി പണിക്കാരുടെ ശ്രദ്ധയിൽപ്പെടുകയും. ജുവലറി മാനേജരുടെ പരാതിയിൻമേൽ പോലീസ് പരിശോധന നടത്തുകയും കസബ പോലീസ് കേസ് രജിസ്റ്റർ ചെയ്ത് കോഴിക്കോട് സിറ്റി പോലീസ് കമ്മീഷണറുടെ നേരിട്ടുള്ള മേൽനോട്ടത്തിൽ കസബ സി.ഐ. അന്വേഷിച്ചുവരികയുമാണ്. സ്ഥലം റേഞ്ച് ഐ.ജി. സംഭവസ്ഥലം സന്ദർശിച്ചിട്ടുണ്ട്. ഇപ്രകാരം റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ള കേസുകളെല്ലാം ഗൗരവമായി അന്വേഷണം നടത്തിക്കൊണ്ടിരിക്കുകയാണ്. കേരളത്തിൽ വ്യാപകമായി അക്രമം നടക്കുന്നു എന്ന് പറയുന്നത് ശരിയല്ല. മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ചും മുൻകാലങ്ങളെ അപേക്ഷിച്ചും ഇപ്പോൾ കേരളത്തിൽ മെച്ചപ്പെട്ട ക്രമസമാധാനമാണ് നിലനിൽക്കുന്നത്

<u>ശ്രീ. വി.ഡി. സതീശൻ:</u> ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സംസ്ഥാനത്ത് ഗുണ്ടാ-മാഫിയ. കവർച്ചാ സംഘങ്ങൾ സ്വൈരവിഹാരം നടത്തുകയാണ്. ഗുണ്ടാ ആക്രമണത്തിൽപ്പെട്ട് 119 പേരാണ് മരണപ്പെട്ടത്. എല്ലാ രംഗത്തും മാഫിയ സംഘങ്ങൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. സംസ്ഥാനത്തെ പല പ്രദേശങ്ങളിലും ബോംബ് നിർമ്മാണം കുടിൽ വ്യവസായമായി മാറിക്കൊണ്ടിരിക്കുകയാണ്. തീവ്രവാദ പ്രവർത്തനങ്ങളെ സംബന്ധിച്ചുള്ള അന്വേഷണം കാര്യക്ഷമമായി നടക്കുന്നില്ല. ഹൈവേ റോബറി നിത്യസംഭവമായിരിക്കുന്നു. പോലീസ് സ്റ്റേഷൻ ആക്രമണവും പോലീസ് സേനാംഗങ്ങളുടെ നേരെയുള്ള ആക്രമണവും പെരുകുകയാണ്. വലിയ സാമ്പത്തിക കുറ്റങ്ങളിൽ ചില കേസുകൾ മാത്രമാണ് കോടതിയിലെ

ത്തുന്നത്. പോൾ എം. ജോർജ് വധക്കേസിലെ പ്രതികൾക്ക് രക്ഷപ്പെടാനുള്ള അവസരം പോലീസ് തന്നെ ഒരുക്കുകയാണ് ചെയ്യുന്നത്. ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകാൻ കഴിയാത്ത ആഭ്യന്തര വകുപ്പുമന്ത്രി രാജിവയ്ക്കണം. ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): 1-1-2009 മുതൽ 31-07-2009 വരെ സംസ്ഥാനത്ത് നടന്നിട്ടുള്ള കൊലപാതകങ്ങളെക്കുറിച്ച് തെറ്റായ കണക്കുകളാണ് പ്രതിപക്ഷം പ്രചരിപ്പിക്കുന്നത്. കേരളത്തിലെ ക്രമസമാധാനം ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് മെച്ചപ്പെട്ടതാണ്. ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളേക്കാൾ തീവ്രവാദ പ്രവർത്തന കേസ്സുകളിൽ ഫലപ്രദമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ജനങ്ങൾ ഒന്നിച്ച് പ്രവർത്തിച്ചാൽ മാത്രമേ ക്രമസമാധാനനില ഭദ്രമാക്കാൻ സാധിക്കുകയുള്ളൂ. പോലീസിന്റെ പ്രവർത്തനത്തിൽ വീഴ്ച സംഭവിക്കുന്നുണ്ടോ നിയമാനുസൃതമായി പോലീസ് പ്രവർത്തിക്കുന്നുണ്ടോ എന്നു പരിശോധിക്കാനുള്ള ഉത്തരവാദിത്വം പ്രതിപക്ഷത്തിനുണ്ട്. നിയമവാഴ്ച ഉറപ്പുവരുത്തുന്നതിൽ സർക്കാരിന്റെ ഇടപെടലിൽ വീഴ്ചയുണ്ടെങ്കിൽ തിരുത്താൻ തയ്യാറാണ്. വിചാരണയിലിരിക്കുന്ന കേസ്സായതുകൊണ്ട് പോൾ വധവുമായി ബന്ധപ്പെട്ട് അഭിപ്രായം പറയുന്നില്ല. ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തിരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. ഉമ്മൻചാണ്ടി പ്രസ്താവന നടത്തുകയും അദ്ദേഹത്തിന്റെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അല്പസമയത്തിനുശേഷം തിരികെ വരികയും ചെയ്തു. ശ്രീ. കെ.എം. മാണി പ്രസ്താവന നടത്തിക്കൊണ്ടി രിക്കെ പ്രതിപക്ഷാംഗങ്ങൾ പ്രസ്തുത വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് ബഹുമാനപ്പെട്ട സ്പീക്കറുടെ ഡയസ്സിനു മുമ്പിൽ വന്നുനിന്ന് മുദ്രാവാക്യങ്ങൾ വിളിച്ച് സഭാനടപടികൾ തടസ്സപ്പെടു ത്തിക്കൊണ്ടിരുന്നതിനാൽ ബഹുമാനപ്പെട്ട സ്പീക്കർ അജണ്ടയിലെ അടുത്ത നടപടിയിലേയ്ക്ക് കടന്നു.)

**ശ്രദ്ധക്ഷണിക്കൽ**

<u>കാർഷികോല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കൽ</u>

<u>ശ്രീ. എം.വി. ശ്രേയാംസ് കുമാർ</u>: യന്ത്രവത്കരണവും നവീന കൃഷി രീതികളും പ്രയോജനപ്പെടുത്തി കാർഷികോല്പാദനവും ഉല്പാദനക്ഷമ തയും വർദ്ധിപ്പിക്കണം.

കൃഷി വകുപ്പുമന്ത്രി (<u>ശ്രീ മുല്ലക്കര രത്നാകരൻ</u>) : മറുപടി മേശപ്പുറത്ത് വയ്ക്കുന്നു.

**റിപ്പോർട്ട് സമർപ്പണം**

കേരളനിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബ ന്ധിച്ച ചട്ടങ്ങൾ പരിഷ്കരിക്കുന്നതു സംബന്ധിച്ച സമിതിയുടെ റിപ്പോർട്ട് സമർപ്പിച്ചു.

**നിയമനിർമ്മാണകാര്യം**

<u>സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും</u>

(1) 2009-ലെ പമ്പാ നദീതടം അതോറിറ്റി ബിൽ

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2009-ലെ പമ്പാ നദീതടം അതോറിറ്റി ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. കെ.സി. രാജഗോപാലൻ : സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2009-ലെ പമ്പാ നദീതടം അതോറിറ്റി ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

ഭേദഗതി സഭയുടെ അനുമതിയോടെ പൻവലിച്ചു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2009-ലെ പമ്പാ നദീതടം അതോറിറ്റി ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

2-ാം വകുപ്പ്

195-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി മന്ത്രി അവതരിപ്പിച്ചു.

(195) ഖണ്ഡം 2(ജെ) യിൽ “ സംസ്ഥാനത്തിന്റെ ഭൂപ്രദേശത്തിനകത്തുള്ള” എന്ന വാക്കുകൾക്കു പകരം “ ഇരുകരകളും” എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

<u>4-ാം വകുപ്പ്</u>

127, 130 എന്നീ നമ്പർ ഭേദഗതികൾ ഔദ്യോഗിക ഭേദഗതിയായി മന്ത്രി അവതരിപ്പിച്ചു.

(127) ഖണ്ഡം 4(1)(ഒ) "പമ്പാനദി കടന്നുപോകുന്ന നിയോജകമണ്ഡലങ്ങളെ" എന്ന വാക്കുകൾക്ക് പകരം "പമ്പാനദി കടന്നുപോകുന്ന പ്രദേശത്തെ നിയോജകമണ്ഡലങ്ങളെ"എന്നു ചേർക്കുക.

(130) ഖണ്ഡം 4(1)(ആർ)-ൽ "പ്രതിനിധികൾ" എന്ന വാക്കിനു പകരം "പ്രസിഡന്റുമാർ "എന്ന വാക്ക് ചേർക്കുക.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികൾ സഭ അംഗീകരിച്ചു.

<u>5-ാം വകുപ്പ്</u>

133, 139 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

138-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി മന്ത്രി അവതരിപ്പിച്ചു.

138. ഖണ്ഡം 5(2)-നു ശേഷം പുതുതായി (2എ) ഉപവകുപ്പുകൂടി ചേർക്കുക.

"(2എ) 4-ാം വകുപ്പിന്റെ 1-ാം ഉപവകുപ്പിന്റെ (ഒ) (പി) (ക്യു) (ആർ) എന്നീ ഖണ്ഡങ്ങളിൽ ഏതിലെങ്കിലുംപെട്ടവരിൽ ആരുടെയെങ്കിലും സ്ഥാനത്ത് ആകസ്മികമായ ഒഴിവുണ്ടാകുന്ന പക്ഷം ഏതു ഖണ്ഡപ്രകാരം നാമനിർദ്ദേശം ചെയ്യപ്പെട്ട സ്ഥാനത്തേയ്ക്കാണോ ഒഴിവുണ്ടായത് ആ ഖണ്ഡത്തിൽപ്പെടുന്ന ഒരാളെ ആ സ്ഥാനത്തേക്ക് ഗവൺമെന്റിനു നാമ

നിർദ്ദേശം ചെയ്യാവുന്നതും അപ്രകാരം നാമനിർദ്ദേശം ചെയ്യപ്പെട്ട ആൾ ആരുടെ സ്ഥാനത്തേയ്ക്കാണോ നാമനിർദ്ദേശം ചെയ്യപ്പെട്ടത് ആ ആളിന്റെ സ്ഥാനത്തേക്ക് ഒഴിവുണ്ടാകാതിരുന്നില്ലെങ്കിൽ അയാൾ എത്രകാലം അംഗമായി തുടരുമായിരുന്നുവോ അത്രയും കാലം മാത്രം ഔദ്യോഗിക സ്ഥാനത്ത് തുടരേണ്ടതുമാണ്''

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

<u>6-ാം വകുപ്പ്</u>

142-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

<u>7-ാം വകുപ്പ്</u>

146-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

145-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി മന്ത്രി അവതരിപ്പിച്ചു.

(145.) ഖണ്ഡം 7(2)-ൽ "നിവേദനം നടത്താനുള്ള" എന്നതിനുപകരം "നിവേദനം നടത്താനും അയാളെ കേൾക്കുവാനും ഉള്ള"എന്നു ചേർക്കുക.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

<u>8-ാം വകുപ്പ്</u>

149-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി മന്ത്രി അവതരിപ്പിച്ചു.

(149.) ഖണ്ഡം 8(1)-ൽ "ജലസ്രോതസ്സുകളുടേയും ജലാശയങ്ങളുടേയും നിലനിർത്താവുന്ന" എന്നത് "ജലസ്രോതസ്സുകളെയും ജലാശയങ്ങളെയും ജലവിഭവങ്ങളെയും നിലനിർത്താനുതകുന്ന"എന്നാക്കി മാറ്റുക.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

<u>9-ാം വകുപ്പ്</u>

161-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

<u>11-ാം വകുപ്പ്</u>

175-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി മന്ത്രി അവതരിപ്പിച്ചു.

(175.) ഖണ്ഡം 11(4)-ൽ "ദേവസ്വം ബോർഡുകൾ"എന്നതിനുപകരം "തിരുവിതാംകൂർ ദേവസ്വം ബോർഡ്"എന്നു ചേർക്കുക.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

<u>12-ാം വകുപ്പ്</u>

181, 183 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

182-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി മന്ത്രി അവതരിപ്പിച്ചു.

(182.) ഖണ്ഡം 12(2)(ബി)-യിൽ "റവന്യൂ അധികാരികൾ" എന്നതിനു ശേഷം ഉള്ള ഭാഗം നീക്കം ചെയ്ത് തൽസ്ഥാനത്ത് "പ്രതിവർഷം ശേഖരിക്കുന്ന തുകയുടെ അമ്പതുശതമാനത്തിൽ കുറയാത്ത തുക അതോറിറ്റിയിലേക്കു കൈമാറ്റം ചെയ്യപ്പെടുന്നതുവഴി കിട്ടുന്ന തുകയും" എന്നു ചേർക്കുക.

181-ാം നമ്പർ ഭേദഗതി മന്ത്രി സ്വീകരിച്ചു.

(181) ഖണ്ഡം 12(2) (എ) താഴെപറയും പ്രകാരം ഭേദഗതി ചെയ്യുക. ''(എ) ആക്റ്റിന്റെ ആവശ്യത്തിലേയ്ക്കായി സംസ്ഥാന സർക്കാർ നൽകുന്ന ഏതെങ്കിലും തുകകളോ ഗ്രാന്റുകളോ''

മന്ത്രി അവതരിപ്പിച്ചതും സ്വീകരിച്ചതുമായ ഭേദഗതികൾ സഭ അംഗീകരിച്ചു.

<u>14-ാം വകുപ്പ്</u>

184-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

<u>1-ാം വകുപ്പും പീഠികയും പേരും</u>

98, 103, 104, 105, 106 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

95, 97 എന്നീ നമ്പർ ഭേദഗതികൾ ഔദ്യോഗിക ഭേദഗതികളായി മന്ത്രി അവതരിപ്പിക്കുകയും താഴെപറയുംപ്രകാരം ഭാഗീകമായി അംഗീകരിക്കുകയും ചെയ്തു.

(95) ദീർഘശീർഷകത്തിൽ (3) "ആനുഷംഗികമായ" എന്നതിനു പകരം " ആനുഷംഗികമായതുമായ" എന്നു ചേർക്കുക

(97) (5) "ആനുഷംഗികമായ" എന്നതിനു പകരം " ആനുഷംഗികമായതുമായ" എന്നു ചേർക്കുക.

106-ാം നമ്പർ ഭേദഗതി മന്ത്രി സ്വീകരിച്ചു.

(106) പീഠികയുടെ 4-ാം ഖണ്ഡികയ്ക്ക് പകരം താഴെപ്പറയുന്ന ഖണ്ഡിക ചേർക്കുക.

"പമ്പാ കർമ്മപദ്ധതിയുടെ ഭാഗമായി വിവിധ സർക്കാർ വകുപ്പുകളും ഏജൻസികളും ഏറ്റെടുത്ത പദ്ധതികളുടെ നടത്തിപ്പിനും അവയുടെ ക്രമമായ നിരീക്ഷണത്തിനുവേണ്ടിയും ജലവിഭവങ്ങളുടേയും പമ്പാ നദീതടങ്ങളുടേയും സംരക്ഷണത്തിനും വികസനത്തിനുമായും ഒരു ഏകോപിപ്പിച്ച ഫലോന്മുഖമായ ഉപാധിയെന്ന പോലെ ഒരു സ്റ്റാറ്റ്യൂട്ടറി ബോഡി ആവശ്യമായിത്തീർന്നതിനാലും".

മന്ത്രി അവതരിപ്പിച്ചതും സ്വീകരിച്ചതുമായ ഭേദഗതികൾ സഭ അംഗീകരിച്ചു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ) : 2009-ലെ പമ്പാ നദീതടം അതോറിറ്റി ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) : പ്രമേയത്തെ പിന്താങ്ങുന്ന

2009-ലെ പമ്പാ നദീതടം അതോറിറ്റി ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

## (2) 2008-ലെ ക്രിമിനൽ നടപടി നിയമസംഹിത (കേരള ഭേദഗതി) ബിൽ

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി(ശ്രീ. കോടിയേരി ബാലകൃഷ്ണൻ) : സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2008-ലെ ക്രിമിനൽ നടപടി നിയമസംഹിത (കേരള ഭേദഗതി) ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്): പ്രമേയത്തെ പിൻതാങ്ങുന്നു.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2008-ലെ ക്രിമിനൽ നടപടി നിയമസംഹിത (കേരള ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

2008-ലെ ക്രിമിനൽ നടപടി നിയമസംഹിത (കേരള ഭേദഗതി) ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു

ബിൽ പരിഗണനയ്ക്കെടുത്തു.

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി <u>(ശ്രീ.കോടിയേരി ബാലകൃഷ്ണൻ):</u> 2008-ലെ ക്രിമിനൽ നടപടി നിയമസംഹിത (കേരള ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

മരാമത്ത് വകുപ്പുമന്ത്രി <u>(ശ്രീ. പി.ജെ. ജോസഫ്)</u>: പ്രമേയത്തെ പിൻതാങ്ങുന്നു.

2008-ലെ ക്രിമിനൽ നടപടി നിയമസംഹിത (കേരള ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

(3) <u>2009-ലെ കേരള വനം (പരിസ്ഥിതി ശാസ്ത്രപരമായി ദുർബലമായ ഭൂപ്രദേശങ്ങളുടെ നിക്ഷിപ്തമാക്കലും കാര്യകർതൃത്വം നടത്തിപ്പും) ഭേദഗതി ബിൽ</u>

വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രിക്കുവേണ്ടി റവന്യൂ വകുപ്പുമന്ത്രി <u>(ശ്രീ. കെ.പി. രാജേന്ദ്രൻ)</u> : സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2009-ലെ കേരള വനം (പരിസ്ഥിതി ശാസ്ത്രപരമായി ദുർബ്ബലമായ ഭൂപ്രദേശങ്ങളുടെ നിക്ഷിപ്തമാക്കലും കാര്യകർതൃത്വം നടത്തിപ്പും) ഭേദഗതി ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

മരാമത്ത് വകുപ്പുമന്ത്രി <u>(ശ്രീ. പി.ജെ. ജോസഫ്)</u>: പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. എ.എ. അസീസ്: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2009-ലെ കേരള വനം (പരിസ്ഥിതി ശാസ്ത്രപരമായി ദുർബ്ബലമായ ഭൂപ്രദേശങ്ങളുടെ നിക്ഷിപ്തമാക്കലും കാര്യകർതൃത്വം നടത്തിപ്പും) ഭേദഗതി ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2009-ലെ കേരള വനം (പരിസ്ഥിതി ശാസ്ത്രപരമായി ദുർബ്ബലമായ ഭൂപ്രദേശങ്ങളുടെ നിക്ഷിപ്തമാക്കലും കാര്യകർതൃത്വം നടത്തിപ്പും) ഭേദഗതി ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

2-ാം വകുപ്പ്

119, 120, 130, 131 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

119, 120, എന്നീ നമ്പർ ഭേദഗതികൾ മന്ത്രി സ്വീകരിച്ചു.

(119) ഖണ്ഡം 2 പ്രകാരം പ്രധാന ആക്ടിൽ കൂട്ടിച്ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 10 എ (2)-ൽ,

(എ) "രൂപീകരിച്ച സമിതിക്ക്" എന്ന വാക്കുകൾക്കു പകരം, "രൂപീകരിച്ച പരിസ്ഥിതിശാസ്ത്രപരമായി ദുർബ്ബലമായ ഭൂപ്രദേശ അവകാശ തർക്ക പരിഹാര സമിതിക്ക് "എന്ന വാക്കുകൾ ചേർക്കുക.

(ബി) "അങ്ങനെയുള്ള അറിയിപ്പിന്മേൽ അത്തരം ഭൂപ്രദേശത്തെ" എന്ന വാക്കുകൾക്കു പകരം, "അങ്ങനെയുള്ള അറിയിപ്പിന്മേൽ പ്രസ്തുത ഭൂപ്രദേശത്തെ"എന്ന വാക്കുകൾ ചേർക്കുക.

(120) ഖണ്ഡം 2 പ്രകാരം പ്രധാന ആക്ടിൽ കൂട്ടിച്ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 10 എ (3) ന്റെ ആരംഭത്തിൽ "അങ്ങനെയുള്ള റഫറൻസിന്മേൽ" എന്ന വാക്കുകൾക്കു പകരം "(2)-ാം ഉപവകുപ്പു പ്രകാരമുള്ള റഫറൻസിന്മേൽ" എന്ന വാക്കുകൾ ചേർക്കുക.

(131)-ാം നമ്പർ ഭേദഗതി താഴെപ്പറയും പ്രകാരമുള്ള മാറ്റത്തോടുകൂടി അംഗീകരിച്ചു.

(131) ഖണ്ഡം 2 പ്രകാരം പ്രധാന ആക്ടിൽ കൂട്ടിച്ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 10 (എ) (6) താഴെപ്പറയും പ്രകാരം മാറ്റുക.

"(6) ഏതെങ്കിലും ഭൂപ്രദേശമോ അതിന്റെ ഭാഗമോ പരിസ്ഥിതി ശാസ്ത്രപരമായി ദുർബ്ബലമായ ഭൂപ്രദേശം അല്ല എന്നതാണ് (4)-ാം ഉപവകുപ്പുപ്രകാരമുള്ള തീരുമാനമെങ്കിൽ കഴിയുന്നത്ര വേഗത്തിൽ, സൂക്ഷിപ്പുകാരൻ, അങ്ങനെയുള്ള ഭൂമിയുടെയോ അതിന്റെ ഭാഗത്തിന്റേയോ, അതതു സംഗതിപോലെ കൈവശാവകാശം ആ ഭൂമിയുടെ ഉടമയ്ക്ക് തിരികെ "നൽകിയ ഭൂമിയെ സംബന്ധിച്ച് നൽകേണ്ടതും, പ്രസ്തുത ഭൂപ്രദേശം ഈ ആക്ടിലെ വ്യവസ്ഥകൾ പ്രകാരം എപ്പോഴെങ്കിലും സർക്കാരിൽ നിക്ഷിപ്തമായിരുന്നതായി കരുതാൻ പാടില്ലാത്തതും, അത്തരം സംഗതിയിൽ ട്രൈബ്യൂണൽ മുമ്പാകെ തീർപ്പാകാതെ കിടക്കുന്നതും, (2)-ാം ഉപവകുപ്പിൻ പ്രകാരം താത്ക്കാലികമായി നിർത്തിവയ്ക്കപ്പെട്ടതുമായ നടപടി, ട്രൈബ്യൂണൽ അവസാനിപ്പിക്കേണ്ടതും ആണ്."

138-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി മന്ത്രി അവതരിപ്പിച്ചു.

(138) ഖണ്ഡം 2 പ്രകാരം പ്രധാന ആക്ടിൽ കൂട്ടിച്ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 10 ബി (2) (V)-ൽ "പഞ്ചായത്ത്" എന്നതിനുപകരം "ഗ്രാമപഞ്ചായത്ത്" എന്നു ചേർക്കുക.

മന്ത്രി അവതരിപ്പിച്ചതും സ്വീകരിച്ചതുമായ ഭേദഗതികൾ സഭ അംഗീകരിച്ചു..

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): 2009-ലെ കേരള വനം (പരിസ്ഥിതി ശാസ്ത്രപരമായി ദുർബ്ബലമായ ഭൂപ്രദേശങ്ങളുടെ നിക്ഷിപ്തമാക്കലും കാര്യകർതൃത്വം നടത്തിപ്പും) ഭേദഗതി ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്): പ്രമേയത്തെ പിന്താങ്ങുന്നു.

2009-ലെ കേരള വനം (പരിസ്ഥിതി ശാസ്ത്രപരമായി ദുർബലമായ ഭൂപ്രദേശങ്ങളുടെ നിക്ഷിപ്തമാക്കലും കാര്യകർതൃത്വം നടത്തിപ്പും) ഭേദഗതി ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

<u>മുഖ്യമന്ത്രിയുടെ പ്രമേയം</u>

മുഖ്യമന്ത്രി (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): സഭ മുമ്പാകെ മറ്റ് ബിസ്സിനസ്സുകളൊന്നുമില്ലാത്തതിനാൽ സഭ അനിശ്ചിത കാലത്തേയ്ക്ക് പിരിയാവുന്നതാണ് എന്ന പ്രമേയം അവതരിപ്പിക്കുന്നു.

പ്രമേയം സഭ അംഗീകരിച്ചു.

<u>മി. സ്പീക്കർ</u> : 12-ാം കേരള നിയമസഭയുടെ 12-ാം സമ്മേളനം ഏഴ് ദിവസം സമ്മേളിച്ച് അനിശ്ചിത കാലത്തേയ്ക്ക് ഇന്ന് പിരിയുന്നു. 2009-2010 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് സമ്മേളനത്തിനുശേഷം നിയമനിർമ്മാണത്തിനുവേണ്ടി പ്രത്യേകം വിളിച്ചു ചേർത്ത ഈ സമ്മേളനത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങളിലേയ്ക്ക് സ്ത്രീകൾക്ക് 50 ശതമാനം സീറ്റുകൾ സംവരണം ചെയ്യുന്ന സുപ്രധാനമായ ബില്ലുൾപ്പെടെ പാസ്സാക്കുകയുണ്ടായി. നിയമനിർമ്മാണങ്ങളുടെ കാര്യത്തിൽ കേരള നിയമസഭ മറ്റ് സംസ്ഥാനങ്ങൾക്ക് വീണ്ടും മാതൃകയായി ചരിത്രത്തിൽ സ്ഥാനം പിടിച്ചിരിക്കുകയാണ്.

ഈ സമ്മേളനം വിജയകരമാക്കാൻ സഹായിച്ച എല്ലാപേർക്കും നന്ദി രേഖപ്പെടുത്തുന്നു. എല്ലാ ബഹുമാനപ്പെട്ട അംഗങ്ങൾക്കും നന്മ നിറഞ്ഞ റംസാൻ ആശംസകൾ നേരുന്നു.

സഭ രാവിലെ 11.03-ന് അനിശ്ചിതകാലത്തേയ്ക്ക് പിരിഞ്ഞു.

....................